**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം: 3273** **21.12.2012ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പ**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.ഇ.കെ. വിജയൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) വിദ്യാഭ്യാസ വായ്പ എടുത്തവരിൽ നിന്നും ബാങ്കുകൾ കൊള്ള പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) & ബി) | വിദ്യാഭ്യാസ വായ്പയുടെ പലിശ തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം അതാതു ബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകിയിട്ടുണ്ട്. ഇത് ബാങ്കിന്റെ ബേസ് റേറ്റുമായി ബന്ധപ്പെട്ടാണ് ഈടാക്കി വരുന്നത്. 1/4/2004 മുതൽ 31/3/2009 വരെയുള്ള പലിശ BPL വിഭാഗത്തിന് സംസ്ഥാന ഗവൺമെന്റും 31/3/2009 നുശേഷമുള്ള പലിശ കേന്ദ്രഗവൺമെന്റും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പയുടെ പലിശ കുറയ്ക്കുകയും ഏകീകരിക്കുകയും ചെയ്യണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി യിട്ടുണ്ട്. |
| ബി) എങ്കിൽ ഇതു തടയാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | | |

Sheeja.
സെക്ഷൻ ഓഫീസർ